ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 20.10.2024 **TIME : 07.25 PM**

പ്രധാന വാർത്തകൾ

1. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ രാജ്യത്ത് 75,000 മെഡിക്കൽ സീറ്റുകൾ കൂട്ടിച്ചേർക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; വാരാണസിയിൽ ആറായിരത്തി 700 കോടി രൂപയുടെ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

   Prime Minister announced that the government will add 75 thousand more medical seats in the next five years in the country; PM Inaugurates ₹6,700 Crore Development Projects in Varanasi.

2. അഞ്ചാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു മറ്റന്നാൾ ന്യൂഡൽഹിയിൽ സമ്മാനിക്കും.

   President Droupadi Murmu to Confer 5th National Water Awards 2023 on Oct 22.

3. കായികരംഗത്തെ മികച്ച 10 രാജ്യങ്ങളിലൊന്നാക്കി ഇന്ത്യയെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണു പ്രവർത്തിക്കുന്നതെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ.

   Union Minister Dr Mansukh Mandaviya Sets Goal for India to be Among Top 10 Nations in Sports.

4. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം; ആവേശത്തോടെ മുന്നണികൾ.

   By-election campaigning intensifies in Kerala.

5. ഇന്ത്യക്കെതിരായ പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ന്യൂസിലൻഡിന് 8 വിക്കറ്റ് ജയം; വനിതാ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ടോസ് നേടിയ ദക്ഷിണാഫ്രിക്ക, ന്യൂസിലൻഡിനെ ബാറ്റിങ്ങിനയച്ചു.

   In Cricket, New Zealand beat India by 8 wickets in the opening test at Bengaluru; In Women's T20 Cricket World Cup, South Africa win the toss and elected to field first against New Zealand.

&&&&&&&&&&&&&&&&&&

HEAD LINE – 2

PREZ – NATIONAL WATER AWARD

അഞ്ചാമത് ദേശീയ ജല പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ചൊവ്വാഴ്ച ന്യൂഡൽഹിയിൽ സമ്മാനിക്കും. മികച്ച സംസ്ഥാനം, ജില്ല, നഗര തദ്ദേശ സ്ഥാപനം ഉൾപ്പെടെ ഒമ്പത് വിഭാഗങ്ങളിലായി 38 വിജയികളെ കേന്ദ്ര ജലശക്തി മന്ത്രാലയം പ്രഖ്യാപിച്ചു. ഒഡിഷയാണ് മികച്ച സംസ്ഥാനം.

&&&&&&&&&&&&&&&&&&

HEAD LINE – 1

MODIJI EYE HOSPITAL (INTRO)

കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യത്തെ ആരോഗ്യമേഖല സുപ്രധാന പരിവർത്തനത്തിന് സാക്ഷ്യം വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾക്കു കരുത്തേകാൻ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ രാജ്യത്ത് 75,000 മെഡിക്കൽ സീറ്റുകൾ കൂട്ടിച്ചേർക്കുമെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചു. വാരാണസിയിൽ ആർജെ ശങ്കര നേത്രാലയത്തിന്റെ ഉദ്ഘാടനം ഉൾപ്പെടെ 6,700 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് ഇന്ന് അദ്ദേഹം തുടക്കം കുറിച്ചു. പൂർവാഞ്ചൽ മേഖലയുടെ മാത്രമല്ല, രാജ്യത്തെ തന്നെ പ്രധാന ആരോഗ്യ സംരക്ഷണ കേന്ദ്രമെന്ന നിലയിൽ കാശിയുടെ പ്രാധാന്യം വർധിച്ചതായി അദ്ദേഹം അഭിപ്രായപ്പെട്ടു.

(HOLD VOICE MODI)

കഴിഞ്ഞ പത്ത് വർഷത്തിനിടെ പൂർവാഞ്ചലിൽ 5500-ലധികം ആയുഷ്മാൻ ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചത്, ചികിത്സാച്ചെലവ് 25 ശതമാനം വരെ കുറച്ചതായും ശ്രീ മോദി പറഞ്ഞു.

&&&&&&&&&&&&&&&&&&

PM – VARANASI

പ്രധാനമന്ത്രി ഇന്ന് വൈകിട്ട് വാരാണസിയിൽ നടന്ന പൊതു ചടങ്ങിൽ വിവിധ മേഖലകളിലെ 23 വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു. മധ്യപ്രദേശിലെ രേവ,

ഛത്തീസ്ഗഢ് അംബികാപൂരിലെ മാ മഹാമായ, ഉത്തർപ്രദേശിലെ സർസവ എന്നീ വിമാനത്താവളങ്ങളുടെ പുതിയ ടെർമിനൽ കെട്ടിടങ്ങളുടെ ഉദ്ഘാടനവും ഇതിൽ ഉൾപ്പെടുന്നു. 2870 കോടി രൂപ ചെലവിൽ വാരാണസിയിലെ ലാൽ ബഹദൂർ ശാസ്ത്രി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കും പ്രധാനമന്ത്രി തറക്കല്ലിട്ടു. ഖേലോ ഇന്ത്യ പദ്ധതിക്കും സ്മാർട്ട് സിറ്റി ദൗത്യത്തിനും കീഴിൽ 210 കോടിയിലധികം രൂപ ചെലവിൽ പുനർ നിർമിച്ച വാരാണസി കായിക സമുച്ചയവും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

PM – RUSSIA

പതിനാറാം ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ചൊവ്വാഴ്ച റഷ്യ സന്ദർശിക്കും."സന്തുലിതമായ ആഗോള വികസനത്തിനായുള്ള ബഹുമുഖ ശാക്തീകരണം" എന്നതാണ് ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങൾ പങ്കെടുക്കുന്ന ഉച്ചകോടിയുടെ പ്രമേയം.

&&&&&&&&&&&&&&&&&&

HEAD LINE – 3

MANDAVIA- INAUGURATION

കായികരംഗത്തെ മികച്ച 10 രാജ്യങ്ങളിലൊന്നാക്കി ഇന്ത്യയെ മാറ്റുക എന്നതാണു ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ തിരുവനന്തപുരത്തെ നവീകരിച്ച ഗോൾഫ് കോഴ്സിൻ്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിയും ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

MANDAVIYA-eSHRAM

അസംഘടിത തൊഴിലാളികൾക്കുള്ള ഇ-ശ്രം പോർട്ടലിന്റെ ഏകജാലക സംവിധാനം നാളെ കേന്ദ്ര തൊഴിൽ മന്ത്രി മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. അസംഘടിത തൊഴിലാളികൾക്ക് വിവിധ സർക്കാർ പദ്ധതികളിലേക്ക് എളുപ്പത്തിൽ പ്രവേശനം ഉറപ്പാക്കാൻ ഇ-ശ്രം ഏകജാലക സംവിധാനം ഉപകരിക്കും. 2021 ഓഗസ്റ്റ് 26-ന് ഇ-ശ്രമം

ആരംഭിച്ചതുമുതൽ, 30 കോടിയിലധികം അസംഘടിത തൊഴിലാളികളാണ് ഈ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തത്.

&&&&&&&&&&&&&&&&&&

BARAMULLA ENCOUNTER

ജമ്മു കശ്മീരിൽ സുരക്ഷാസേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ. ബാരാമുള്ള ജില്ലയിലെ ഉറി മേഖലയിലെ നിയന്ത്രണരേഖയിലാണ് സുരക്ഷാ സേനക്കുനേരെ ഭീകരർ വെടിയുതിർത്തത്. ഇതേതുടർന്ന് ഇന്ത്യൻ സൈന്യവും ജമ്മു കശ്മീർ പൊലീസും സംയുക്തമായി ആരംഭിച്ച ഓപ്പറേഷൻ തുടരുകയാണ്.

&&&&&&&&&&&&&&&&&&

HEAD LINE – 4

WAYANAD - BY ELECTION

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി മുന്നണികൾ. മത്സരചിത്രം തെളിഞ്ഞതിന് പിന്നാലെ വയനാട് ലോക്സഭാ മണ്ഡലം, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങൾ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി. വെള്ളിയാഴ്ചയാണ് നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി. അടുത്ത മാസം 13ന് വോട്ടെടുപ്പും 23ന് വോട്ടെണ്ണലും നടക്കും.

&&&&&&&&&&&&&&&&&&

BJP MAHARASHTRA

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിനുള്ള 99 സ്ഥാനാർഥികളുടെ ആദ്യ പട്ടിക ബിജെപി പുറത്തിറക്കി. ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്ണവീസ് നാഗ്പുർ സൗത്ത് വെസ്റ്റ് നിയമസഭാ സീറ്റിൽ മത്സരിക്കും. ബിജെപിയുടെ മഹാരാഷ്ട്ര അധ്യക്ഷൻ ചന്ദ്രശേഖർ ബാവൻകുലെ, കാംഠിയിൽ നിന്നാണ് ജനവിധി തേടുന്നത്. 288 അംഗ മഹാരാഷ്ട്രയിലേക്കുള്ള തിരഞ്ഞെടുപ്പ് അടുത്ത മാസം 20ന് ഒറ്റഘട്ടമായി നടക്കും. 23നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&&&

PRADHAN- VISIT

കേന്ദ്രമന്ത്രി ധർമേന്ദ്ര പ്രധാൻ ഏഴ് ദിവസത്തെ സിംഗപ്പൂർ, ഓസ്ട്രേലിയ സന്ദർശനത്തിനായി ഇന്ന് യാത്ര തിരിക്കും.

സന്ദർശനത്തിന്റെ ആദ്യ പാദത്തിൽ സിംഗപ്പൂരിൽ എത്തുന്ന അദ്ദേഹം 23ന് ഓസ്ട്രേലിയയും സന്ദർശിക്കും.

&&&&&&&&&&&&&&&&&&

CM – KANNUR

വിദ്യാഭ്യാസ രംഗത്തെ പുരോഗതിയാണ് കേരളത്തെ, വിവിധ മേഖലകളിൽ രാജ്യത്ത് ഒന്നാമതെത്തിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ പിണറായി AKG സ്മാരക ഗവ.ഹയർ സെക്കൻ്ററി സ്കൂളിൽ പുതിയ ബ്ലോക്കിൻ്റെയും സ്മാർട്ട് ക്ലാസ് റൂമിൻ്റയും ഇൻഡോർ സ്റ്റേഡിയത്തിൻ്റയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

&&&&&&&&&&&&&&&&&&

SABARIMALA (INTRO)

ശബരിമലയിൽ രണ്ടു ദിവസമായി തുടർന്ന തിരക്കൊഴിഞ്ഞു. ഇന്നലെ രാത്രി ക്യൂവിലുണ്ടായിരുന്ന മുഴുവൻ തീർഥാടകരും ദർശനം കഴിഞ്ഞ് മലയിറങ്ങി.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ്. ശ്രീധർ....

(വോയ്സ്)

&&&&&&&&&&&&&&&&&&

SURESHGOPI

പെട്രോൾ പമ്പുകൾക്ക് 25 വർഷത്തിനുള്ളിൽ നൽകിയ എല്ലാ എൻ.ഒ.സികളും പരിശോധിക്കണമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി. കണ്ണൂർ ADM ആയിരുന്ന നവീൻ ബാബുവിന്റെ പത്തനംതിട്ടയിലെ വീട്ടിലെത്തി കുടുംബാഗങ്ങളെ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദനും നവീൻ ബാബുവിന്റെ കുടുംബാംഗങ്ങളെ സന്ദർശിച്ചു.

&&&&&&&&&&&&&&&&&&

HEAD LINE – 5

CRICKET

ഇന്ത്യക്കെതിരായ പുരുഷ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ന്യൂസിലൻഡിന് 8 വിക്കറ്റ് ജയം. മൂന്നു

മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇതോടെ ന്യൂസിലൻഡ് മുന്നിലെത്തി. രണ്ടാം ടെസ്റ്റിന് വ്യാഴാഴ്ച പുണെയിൽ തുടക്കമാകും.

&&&&&&&&&&&&&&&&

WOMENS T20 WC FINAL

വനിതാ ട്വന്റി - 20 ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ ടോസ് നേടിയ ദക്ഷിണാഫ്രിക്ക, ന്യൂസിലൻഡിനെ ബാറ്റിങ്ങിനയച്ചു. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&

INDIA- SQUAD- HOCKEY

ജർമനിക്കെതിരായ ഹോക്കി പരമ്പരക്കുള്ള 22 അംഗ ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. ഹർമൻപ്രീത് സിങ് നയിക്കുന്ന ടീമിൽ വിവേക് സാഗർ പ്രസാദ് വൈസ് ക്യാപ്റ്റനാകും. ഈ മാസം 23നും 24നും ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് ദേശീയ സ്റ്റേഡിയത്തിലാണ് രണ്ട് മത്സരങ്ങളടങ്ങിയ പരമ്പര.

&&&&&&&&&&&&&&&&

ISL FOOTBALL

ISL ഫുട്ബാളിൽ കേരള ബ്ലാസ്റ്റേഴ്സ് - മൊഹമ്മദൻ SC മത്സരം പുരോഗമിക്കുന്നു. കൊൽക്കത്തയിലാണ് മത്സരം. നാല് കളികളിൽ നിന്ന് അഞ്ച് പോയിൻറുമായി ആറാം സ്ഥാനത്താണ് ബ്ലാസ്റ്റേഴ്സ്.

&&&&&&&&&&&&&&&&

DAY DELHI HALF MARATHON

19-ാമത് ഡൽഹി ഹാഫ് മാരത്തൺ ഇന്ന് രാജ്യതലസ്ഥാനത്ത് നടന്നു. ഒളിമ്പിക്സ് ചാമ്പ്യൻ ഉഗാണ്ടയുടെ ജോഷ്വ ചെപ്റ്റെഗെ പുരുഷ വിഭാഗത്തിലും എത്യോപ്യയുടെ അലെമാദിസ് ഇയായു വനിതാ വിഭാഗത്തിലും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

&&&&&&&&&&&&&&&&

PM - DHOLPUR ROAD ACCIDENT

രാജസ്ഥാനിലെ ധോൽപുരിൽ ഇന്നലെയുണ്ടായ വാഹനാപകടത്തിൽ 12 പേർക്ക് ജീവൻ നഷ്ടമായ സംഭവത്തിൽ

പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം രേഖപ്പെടുത്തി. മരിച്ചവരുടെ അടുത്ത ബന്ധുക്കൾക്കു രണ്ടുലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നു നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&

RAIN – KERALA

കേരളത്തിൽ ബുധനാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശം പ്രഖ്യാപിച്ചിട്ടുണ്ട്. തീരപ്രദേശങ്ങളിൽ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ട്.

&&&&&&&&&&&&&&&&&

ISRAEL-ATTACK

വടക്കൻ ഗാസയിലെ ബെയ്ത് ലാഹിയ നഗരത്തിൽ ഇസ്രായേൽ നടത്തിയ ആക്രമണത്തിൽ 87 പേർ കൊല്ലപ്പെട്ടു. 40 ഓളം പേർക്ക് പരിക്കേറ്റു. രക്ഷാപ്രവർത്തനം പുരോഗമിക്കുന്നതായും മരണസംഖ്യ ഇനിയും ഉയരാൻ സാധ്യതയുണ്ടെന്നും ഹമാസ് അധികൃതർ അറിയിച്ചു. അതേസമയം, ലെബനനിൽ, ബെയ്റൂട്ടിൻ്റെ തെക്കൻ പ്രാന്തപ്രദേശങ്ങളിലെ സായുധ ഗ്രൂപ്പായ ഹിസ്ബുള്ളയുടെ ശക്തികേന്ദ്രങ്ങളിൽ ഇസ്രായേലും വ്യോമാക്രമണം പുനരാരംഭിച്ചു. വടക്കൻ ഇസ്രായേലിലെ സിസേറിയ യിലുള്ള പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിൻ്റെ വസതിയിൽ അദ്ദേഹം ഇല്ലാതിരുന്ന സമയത്ത് ഡ്രോൺ വിക്ഷേപിച്ചതിന് പിന്നാലെയാണ് ആക്രമണം.

&&&&&&&&&&&&&&&&&

INDONESIA – PREZ

ഇന്തോനേഷ്യൻ പ്രസിഡൻ്റായി പ്രബോവോ സുബിയാൻ്റോ ചുമതലയേറ്റു. ലോകത്തിലെ മൂന്നാമത്തെ വലിയ ജനാധിപത്യ രാജ്യമായ ഇന്തോനേഷ്യയുടെ എട്ടാമത് പ്രസിഡൻ്റായാണ് 73-കാരനായ പ്രബോവോ അധികാരമേറ്റത്. ഫെബ്രുവരി 14-ന് നടന്ന

തെരഞ്ഞെടുപ്പിൽ 60 ശതമാനത്തോളം വോട്ടുകൾ നേടിയാണ് അദ്ദേഹം വിജയം ഉറപ്പിച്ചത്.

&&&&&&&&&&&&&&&&&&

EPFO – MEMBER

എംപ്ലോയീസ് പ്രൊവിഡൻ്റ് ഫണ്ട് ഓർഗനൈസേഷനിൽ ഓഗസ്റ്റിൽ ഒമ്പത് ലക്ഷത്തി മുപ്പതിനായിരത്തോളം പുതിയ അംഗങ്ങൾ എൻറോൾ ചെയ്തതായി തൊഴിൽ മന്ത്രാലയം അറിയിച്ചു. കഴിഞ്ഞ വർഷം ഓഗസ്റ്റിനെ അപേക്ഷിച്ച് ഒമ്പത് ശതമാനത്തിലധികം കൂടുതലാണിത്. പുതിയ അംഗങ്ങളിൽ 2.53 ലക്ഷം പേർ സ്ത്രീകളാണ്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&